# नारियल विकास बोर्ड

(कृषि मंत्रालय, भारत सरकार), केरा भवन, कोची - 682 011, भारत

# COCONUT DEVELOPMENT BOARD

(Ministry of Agriculture, Government of India)
Kera Bhavan, SRVHS Road, Kochi – 682 011, India
Email: kochi.cdb@gov.in, Web:www.coconutboard.gov.in

फैक्स Fax : 91-484-2377902
टेलिग्राम Telegram:KERABOARD
दूरभाष Telephones
अध्यक्ष Chairman : 2375216
मु.ना.वि.अ.CCDO : 2375999
निदेशक Director : 2375237
सचिव Secretary : 2377737
कार्यालय Office : 2376265
2376553
2377267


**പ്രസ്സ് റിലീസ്**

## നാളികേര വികസന ബോര്‍ഡില്‍ രജിസ്റ്റര്‍ ചെയ്ത നാളികേരോത്പാദക സംഘങ്ങള്‍ (CPS) വഴി സമഗ്ര കേര വികസന പദ്ധതിക്ക് അപേക്ഷ ക്ഷണിക്കുന്നു

കര്‍ഷക കൂട്ടായ്മയിലൂടെ ക്ലസ്റ്റര്‍ അടിസ്ഥാനത്തില്‍ ഉല്‍പാദനവും ഉത്പാദനക്ഷമതയും വര്‍ദ്ധിപ്പിച്ച് തെങ്ങുകൃഷി ലാഭകരമാക്കി മാറ്റാമെന്ന് മാതൃക കാണിക്കുന്ന സമഗ്ര നാളികേര വികസനപദ്ധതിയിലേക്ക് (എല്‍.ഒ.ഡി.പി.) ബോര്‍ഡില്‍ രജിസ്റ്റര്‍ ചെയ്ത നാളികേരോത്പാദക സംഘങ്ങള്‍ വഴി 2012-13 വര്‍ഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. തെങ്ങ് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിവരുന്ന തൃശൂര്‍, കൊല്ലം, തിരുവനന്തപുരം എന്നീ മൂന്ന് ജില്ലകളിലൊഴികെ കേരളത്തിലെ മറ്റ് ജില്ലകളില്‍ നിന്ന് നാളികേര വികസന ബോര്‍ഡില്‍ രജിസ്റ്റര്‍ ചെയ്തിട്ടുള്ള കേരോത്പാദക സംഘങ്ങളാണ് ബോര്‍ഡിലേക്ക് അപേക്ഷ നല്‍കേണ്ടത്. കര്‍ഷകര്‍ക്ക് നടീല്‍ വസ്തുക്കള്‍, വളം, രോഗ-കീട നിയന്ത്രണം, ഇടവിളക്കൃഷി, ഉത്പാദന വര്‍ദ്ധനവ് എന്നിവയ്ക്കാണ് പ്രധാനമായും സമഗ്ര കേരവികസന പദ്ധതിയിലൂടെ ബോര്‍ഡ് ധനസഹായം നല്‍കി വരുന്നത്.

4000 എങ്കിലും കായ്ഫലമുള്ള തെങ്ങുകള്‍ പ്രവര്‍ത്തന പരിധിയിലുള്ള സിപിഎസുകള്‍ വഴിയാണ് പദ്ധതി നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നത്. ഫിന്റെ ലഭ്യത അനുസരിച്ച് ഓരോ ജില്ലയിലും നന്നായി പ്രവര്‍ത്തിക്കുന്ന സിപിഎസുകള്‍ക്കാണ് ഈ പദ്ധതിയില്‍ അവസരം ലഭിക്കുക. 80 ശതമാനം സ്ഥലമെങ്കിലും തെങ്ങ് മുഖ്യവിളയായി കൃഷി ചെയ്യുന്നതും അതില്‍ 70 ശതമാനം തെങ്ങുകളും കായ്ഫലം തരുന്നതുമായിരിക്കണം.

അപേക്ഷാ ഫോറവും മറ്റ് വിശദ വിവരങ്ങള്‍ക്കും ബോര്‍ഡ് ഓഫീസില്‍ നേരിട്ടോ, അതാത് ജില്ലകളിലെ ചാര്‍ജ്ജ് ഓഫീസര്‍മാരുമായോ ബന്ധപ്പെടേണ്ടതാണ്. കാസറഗോഡ്, കണ്ണൂര്‍- കെ. എം. വിജയന്‍ - ഫോണ്‍ : 9447100149, കോഴിക്കോട്, വയനാട് - മൃദുല കെ. - ഫോണ്‍ : 9946947725, മലപ്പുറം -കെ.എസ്. സെബാസ്റ്റ്യന്‍ - ഫോണ്‍ : 9446211460, തൃശൂര്‍ - ശശികുമാര്‍ - ഫോണ്‍ : 9995521054, പാലക്കാട്, കോട്ടയം - ദീപ്തിനായര്‍ - ഫോണ്‍ : 9495675679, എറണാകുളം - ലീനാമോള്‍ എം.എ. - ഫോണ്‍ : 9447818993, ആലപ്പുഴ - ഡി.എസ്. രശ്മി - ഫോണ്‍ : 9446484014, കൊല്ലം - ആര്‍. ജയനാഥ് - ഫോണ്‍ : 9446028889, തിരുവനന്തപുരം - നിഷ ജി. - ഫോണ്‍ : 9496145812,പത്തനംതിട്ട - ജോര്‍ജ്ജ് പീറ്റര്‍ ജെ. - ഫോണ്‍ : 9946255915, ഇടുക്കി - ദീപ്തി ആര്‍. - ഫോണ്‍ : 9846361382

പൂരിപ്പിച്ച അപേക്ഷകള്‍ മെയ് 15-ാം തീയതി വൈകിട്ട് 4.30 ന് മുമ്പായി നാളികേര വികസന ബോര്‍ഡ് കൊച്ചി ഓഫീസില്‍ ലഭിക്കേണ്ടതാണ്. അപേക്ഷാ ഫോറവും വിശദാംശങ്ങളും ബോര്‍ഡിന്റെ വെബ്സൈറ്റായ www.coconutboard.nic.in.ലും ലഭ്യമാണ്.

കൊച്ചി

20-04-112

പബ്ലിസിറ്റി ഓഫീസര്‍

# സമഗ്ര കേര വികസന ക്ലസ്റ്റർ പദ്ധതി – 2012–13

# നാളികേര വികസന ബോർഡ്

(കൃഷി മന്ത്രാലയം, ഭാരത സർക്കാർ) കേര ഭവൻ, കൊച്ചി – 682 011

# नारियल विकास बोर्ड

# COCONUT DEVELOPMENT BOARD

Ph:0484-2377267 Fax:0484-2377902 E-mail:cdbkochi@gmail.com Web:www.coconutboard.gov.in


F.No 597(1) 2012-DEV(KERALA) 20-04-2012

## നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത നാളികേര ഉൽപാദക സംഘങ്ങളിൽ (സി.പി.എസ്) നിന്നും സമഗ്ര കേര വികസന ക്ലസ്റ്റർ പദ്ധതിക്ക് അപേക്ഷ ക്ഷണിക്കുന്നു

കർഷക കൂട്ടായ്മയിലൂടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഉൽപാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് തെങ്ങുകൃഷി ലാഭകരമാക്കി മാറ്റാമെന്ന് മാതൃക കാണിക്കുന്ന സമഗ്ര നാളികേര വികസനപദ്ധതിയിലേക്ക് (എൽ.ഒ.ഡി.പി.) ബോർഡിൽ രജിസ്റ്റർ ചെയ്ത നാളികേരോത്പാദക സംഘങ്ങൾ വഴി 2012–13 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. തെങ്ങ് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിവരുന്ന തൃശൂർ, കൊല്ലം, തിരുവനന്ത പുരം എന്നീ മൂന്ന് ജില്ലകളിലൊഴികെ കേരളത്തിലെ മറ്റ് ജില്ലകളിൽ നിന്ന് നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരോത്പാദക സംഘങ്ങളാണ് ബോർഡിലേക്ക് അപേക്ഷ നൽകേണ്ടത്. കർഷ കർക്ക് നടീൽ വസ്തുക്കൾ, വളം, രോഗ-കീട നിയന്ത്രണം, ഇടവിളക്കൃഷി, ഉത്പാദന വർദ്ധനവ് എന്നിവ യ്ക്കാണ് പ്രധാനമായും സമഗ്ര കേരവികസന പദ്ധതിയിലൂടെ ബോർഡ് ധനസഹായം നൽകി വരുന്നത്. പ്രസ്തുത പദ്ധതിയിൽ പങ്കാളികളാകാൻ താൽപര്യമുള്ള സി.പി.എസുകളിൽ നിന്നും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ **15.05.2012** ന് വൈകുനേരം 4.30ന് മുമ്പായി നാളികേര വികസനബോർഡ് കൊച്ചി ഓഫീസിൽ ലഭിക്കേണ്ടതാണ്.

### പ്രാഥമിക യോഗ്യതകൾ

1. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരോത്പാദക സംഘങ്ങളാണ് ബോർഡി ലേക്ക് അപേക്ഷ നൽകേണ്ടത്.
2. 4000 എങ്കിലും കായ്ഫലമുള്ള തെങ്ങുകൾ പ്രവർത്തന പരിധിയിലുള്ള സിപിഎസുകൾ മാത്രമായിരിക്കും പദ്ധതിയിയുടെ ഗുണഭോക്താക്കൾ.
3. പ്രസ്തുത പദ്ധതി പ്രദേശത്ത് തെങ്ങ് ഒരു മുഖ്യ വിളയായി കൃഷിചെയ്യുന്നതും (80%), അതിൽ 70% തെങ്ങുകളെങ്കിലും കായ്ഫലം തരുന്നവയും ആയിരിക്കണം.
4. നാളികേര വികസന ബോർഡിന്റെ രണ്ടു വർഷത്തെ സമഗ്ര കേര വികസന പദ്ധതി നടപ്പിലാക്കിയിട്ടുള്ള ക്ലസ്റ്ററുകൾ തുടർന്നും ഈ പദ്ധതിയിൽ അപേക്ഷിക്കാൻ അർഹരല്ല.
5. എൽ.ഓ.ഡി.പി ക്ലസ്റ്റർ പദ്ധതിയുടെ നടത്തിപ്പിനായി സി.പി.എസ് ഭാരവാഹികളിൽ നിന്നും ഒരു ക്ലസ്റ്റർ കൺവീനറെയും 5 ഹെക്റിന് 1 എന്ന് കണക്കിൽ 4–5 ഗ്രൂപ്പ് ലീഡർമാരേയും യോഗം കൂടി തിരഞ്ഞെടുക്കേണ്ടതാണ്.
6. ശുപാർശ ചെയ്യപ്പെട്ട കൃഷിരീതികൾ യഥാസമയം അവലംബിക്കുന്നതിനായി തെങ്ങിന്റെ ചങ്ങാതിക്കൂട്ടം/ മറ്റു തെങ്ങുകയറ്റക്കാരെ നിയോഗിക്കുവാൻ സി.പി.എസുകൾ തയ്യാറായിരിക്കണം.

## ക്ലസ്റ്ററിന്റെ ഉത്തരവാദിത്വങ്ങൾ / മറ്റു പൊതു വിവരങ്ങൾ

ബോർഡ് രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതി അപേക്ഷകൾ പരിശോധിച്ച് യോഗ്യമായ അപേക്ഷകളുടെ പദ്ധതി പ്രദേശം സന്ദർശിച്ച് വിലയിരുത്തിയതിനു ശേഷം മാത്രമേ പദ്ധതി നടത്തിപ്പിന് പ്രാഥമിക അനുമതി നൽകുകയുള്ളൂ.

- പദ്ധതി പ്രദേശത്തെ രോഗം ബാധിച്ചതും കായ്ഫലമില്ലാത്തതും മണ്ട മറിഞ്ഞു നിൽക്കുന്നതുമായ തെങ്ങുകളുടെ സമയ ബന്ധിതമായ നിർമാർജനം (പ്രവർത്തനങ്ങളുടെ തുടക്കത്തിനുശേഷം രണ്ടുമാസത്തിനുള്ളിൽ) ആവശ്യമായും ചെയ്തിരിക്കേണ്ടതാണ്.

- പദ്ധതി പ്രദേശത്തുള്ള എല്ലാ തെങ്ങുകളുടേയും തടം നിർദിഷ്ട അളവിൽ കർഷകരുടെ സ്വന്തം ചിലവിൽ തുറക്കേണ്ടതാകുന്നു.

- പദ്ധതി പ്രദേശത്തെ തണൽ ക്രമീകരിക്കുന്നതിനായി ചോല മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റേണ്ടതാണ്.

- നിയമാവലിക്കനുസരിച്ച് വാർഷിക പൊതുയോഗം/ പൊതുയോഗം/ ഗ്രൂപ്പ് മീറ്റിംഗ്/ ഭരണസമിതിയുടെ മീറ്റിംഗ് / പരിശീലനം എന്നിവ സമയബന്ധിതമായി നടപ്പിലാക്കണം.

- ക്ലസ്റ്ററിലെ നിയമം അനുശാസിക്കുന്ന രേഖകൾ (Minutes Book, Stock Register, Distribution register / farmers book, etc) സൂക്ഷിച്ചിരിക്കണം.

- നിയമം അനുശാസിക്കുന്ന മറ്റു വ്യവസ്ഥകൾ പാലിക്കണം.

- തിരഞ്ഞെടുക്കുന്ന ക്ലസ്റ്ററുകളിൽ, നടപ്പു സാമ്പത്തിക വർഷത്തിൽ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന വിവിധ കൃഷി രീതികളുടെ കരടു രേഖ കാർഷിക മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ KAU, CPCRI, KVK, Krishi Bhavan എന്നിവരുടെ സഹായത്തോടെ തയ്യാറാക്കി ബോർഡ് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. നടപ്പു വർഷത്തിൽ അംഗീകരിച്ച രേഖക്കനുസരിച്ച് പ്രവർത്തനം നടത്തേണ്ടതുമാണ്.

- പദ്ധതി പ്രദേശത്തുള്ള മുഴുവൻ കർഷകർക്കും സമയബന്ധിതമായി ഗുണമേൻമയുള്ള ഉത്പാദനോപാധികളുടെ സംഭരണവും, വിതരണവും കൺവീനർ തലവനായുള്ള ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

- കർഷകർക്ക് വിതരണം നടത്തുന്ന ഉത്പാദനോപാധികൾ വിതരണം നടത്തിയതിനുശേഷം അതാത് കർഷകന്റെ കൈയൊപ്പോടുകൂടിയ വിതരണ രസീത് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് കൺവീനിറുടേയും ഗ്രൂപ്പ് ലീഡർമാരുടേയും സാക്ഷ്യപത്രത്തോടുകൂടി ബോർഡിൽ സമർപ്പിക്കേണ്ടതാണ്.

- ക്ലസ്റ്ററിന് അർഹമായ ഉത്പാദനോപാധികൾ മുൻകൂറായി ലൈസൻസുള്ള സഹകരണ സൊസൈറ്റി / സർക്കാർ സ്ഥാപനങ്ങളിൽ നിന്നും തരപ്പെടുത്തേണ്ടതും പദ്ധതിയുടെ നിർവഹണത്തിനു ശേഷം അർഹമായ അനുകൂല്യം സബ്സിഡിയായി സഹകരണ സൊസൈറ്റി / സർക്കാർ സ്ഥാപനങ്ങൾക്ക് നൽകുന്നതുമാണ്.

- സേവന മനസ്സ്ക്കരും, നേതൃത്വ പാടവമുള്ളവരും ലാഭേഛയില്ലാതെ സമൂഹത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കാൻ തയ്യാറുള്ളവരെയുമാണ് കൺവീനർ / ഗ്രൂപ്പ് ലീഡർമാരായി തെരെഞ്ഞെടുക്കേണ്ടതാണ്.

- ഉത്പാദനോപാദികൾ സർവ്വീസ് സഹകരണ ബാങ്ക് സംഭരണശാലവരെ പദ്ധതി ചിലവിൽ എത്തിക്കുന്നതാണ്. മറ്റുള്ള ചിലവുകൾ കർഷകർ വഹിക്കേണ്ടതാണ്.

**മുഖ്യ നാളികേര വികസന ഓഫീസർ**

# നാളികേര വികസന ബോർഡ്

(കൃഷി മന്ത്രാലയം, ഭാരത സർക്കാർ) കേര ഭവൻ, കൊച്ചി - 682 011

# नारियल विकास बोर्ड

# COCONUT DEVELOPMENT BOARD

Ph:0484-2377267 Fax:0484-2377902 E-mail:cdbkochi@gmail.com Web:www.coconutboard.gov.in


## സമഗ്ര കേര വികസന ക്ലസ്റ്റർ പദ്ധതി - 2012-13

### അപേക്ഷ ഫോറം

ജില്ല.................................................... ബ്ലോക്ക് ...................................... പഞ്ചായത്ത് ........................................ .

1. നാളികേര ഉത്പാദക സംഘത്തിന്റെ (CPS) പേര്

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | | | | | | |

(ഇംഗ്ലീഷിൽ)

(മലയാളത്തിൽ) : ....................................................................................................................................

2. സംഘത്തിന്റെ വിലാസം ..........................................................................................................

(ഇംഗ്ലീഷിൽ) ....................................................................................................................

........................................................................... പിൻ കോഡ് ..................................................................

(മലയാളത്തിൽ) ..........................................................................................................

.............................................................. ഫോൺ നമ്പർ (പ്രസിഡന്റ്) ..........................................................

4. സംഘത്തിന്റെ പരിധിയിലുള്ള

a) തെങ്ങുകൃഷിയിടത്തിന്റെ വിസ്തൃതി ............................ ഹെക്ടർ.

b) കായ്ഫലമുള്ള തെങ്ങുകൾ ......................................... എണ്ണം

c) കർഷകർ .......................................... എണ്ണം

***(സംഘത്തിലെ കർഷകരുടെ വിവരങ്ങൾ മറുപുറത്ത് കൊടുത്തിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി കമ്പ്യൂട്ടർ സിഡിയാക്കിയും വെള്ള പേപ്പറിലും ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.)***

5. സി പി എസ് രൂപീകരിച്ച തിയതി ..............................................................................................

6. സി പി എസിന്റെ രജിസ്റ്റർ നമ്പർ ..............................................................................................

a) രജിസ്റ്റാർ ഓഫ് സൊസൈറ്റി: രജി. നമ്പർ ..................................................................................

b) നാളികേര വികസന ബോർഡ്: രജി. നമ്പർ ..................................................................................

7. സി പി എസിന് പരിശീലനം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എവിടെ വച്ച്? ..............................................

## സത്യവാങ്മൂലം

1) നാളികേര വികസന ബോർഡിന്റെ രണ്ടു വർഷത്തെ സമഗ്ര കേര വികസന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2) മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും സത്യമാണെന്നും നാളികേര വികസന ബോർഡിന്റെ എല്ലാ വ്യവസ്ഥകളും, നിബന്ധനകളും അനുസരിച്ചുകൊള്ളാമെന്നും ഇതിനാൽ ഉറപ്പു നൽകിക്കൊള്ളുന്നു.

.................................................................. ..................................................................

സി.പി.എസ് പ്രസിഡന്റ് (പേര്, ഒപ്പ്) സി.പി.എസ് വൈ. പ്രസിഡന്റ് / സെക്രട്ടറി (പേര്, ഒപ്പ്)

സ്ഥലം: ...........................................

തീയതി: ...........................................

# സംഘത്തിലെ കർഷകരുടെ വിവരങ്ങൾ

*(കമ്പ്യൂട്ടർ സിഡിയാക്കിയും വെള്ള പേപ്പറിലും ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.)*

| ക്രമ നമ്പർ | പേര് / വിലാസം | സർവ്വേ നമ്പർ | വിസ്തൃതി (ഹെക്ടർ) | | കായ്ഫലം(എണ്ണം) | | ഇടവിള കൃഷിയുടെ വിവരം | ലഭ്യമായ മറ്റ് സാമ്പത്തിക സഹായം* |
|---|---|---|---|---|---|---|---|---|
| | | | കൃഷിയിടം | തെങ്ങ് കൃഷി | ഉള്ളത് | ഇല്ലാത്തത് | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| **മൊത്തം** | | | | | | | | |

** കേര കർഷകർക്ക് കേരവികസന പദ്ധതി പ്രകാരം സംസ്ഥാന സർക്കാർ / പഞ്ചായത്ത്/ കൃഷിഭവൻ / ബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ വിശദവിവരങ്ങൾ നൽകേണ്ടതാണ്.*

സി.പി.എസ് പ്രസിഡന്റിന്റെയും ഭാരവാഹികളുടെയും മേൽവിലാസവും ഫോൺ നമ്പറും, എൽ.ഒ.ഡി.പി ക്ലസ്റ്റർ പദ്ധതിയുടെ നടത്തിപ്പിനായി തിരഞ്ഞെടുത്ത കൺവീനറുടെയും ഗ്രൂപ്പ് ലീഡർമാരുടേയും മേൽവിലാസവും ഫോൺ നമ്പറും (കമ്പ്യൂട്ടർ സിഡിയിലാക്കിയും) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.